**പതിനഞ്ചാം കേരള നിയമസഭ**

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി**
**(2023-2026)**

**ഇരുപത്തിയെട്ടാമത് റിപ്പോർട്ട്**

(2024 ഫെബ്രുവരി 14-ാം തീയതി സമർപ്പിച്ചത്)

**1951-ലെ 'ദി പേയ്മെന്റ് ഓഫ് സാലറീസ് ആൻഡ് അലവൻസസ് ആക്ട്', 1976-ലെ 'ദി കേരള പേയ്മെന്റ് ഓഫ് പെൻഷൻ ടു മെമ്പേഴ്സ് ഓഫ് ലെജിസ്ലേച്ചർ ആക്ട്' എന്നിവയ്ക്ക് കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കളുടെ (എസ്.ആർ.ഒ.നം. 952/2022, 956/2022) സൂക്ഷ്മപരിശോധന സംബന്ധിച്ചത്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

**പതിനഞ്ചാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
**(2023-2026)**

## ഇരുപത്തിയെട്ടാമത് റിപ്പോർട്ട്

(2024 ഫെബ്രുവരി 14-ാം തീയതി സമർപ്പിച്ചത്)

**1951-ലെ 'ദി പേയ്മെന്റ് ഓഫ് സാലറീസ് ആൻഡ് അലവൻസസ് ആക്റ്റ്', 1976-ലെ 'ദി കേരള പേയ്മെന്റ് ഓഫ് പെൻഷൻ ടു മെമ്പേഴ്സ് ഓഫ് ലെജിസ്ലേച്ചർ ആക്റ്റ്' എന്നിവയ്ക്ക് കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കളുടെ (എസ്.ആർ.ഒ.നം. 952/2022, 956/2022) സൂക്ഷ്മപരിശോധന സംബന്ധിച്ചത്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | - | v |
| അവതാരിക | - | vii |
| റിപ്പോർട്ട് | - | 1 |
| അനുബന്ധം 1 (എസ്.ആർ.ഒ.നമ്പർ 461/2013) | - | |
| അനുബന്ധം 2 (എസ്.ആർ.ഒ.നമ്പർ 91/2014) | - | |
| അനുബന്ധം 3 (എസ്.ആർ.ഒ.നമ്പർ 60/2017) | - | |
| അനുബന്ധം 4 (എസ്.ആർ.ഒ.നമ്പർ 952/2022) | - | |
| അനുബന്ധം 5 (എസ്.ആർ.ഒ.നമ്പർ 92/2014) | - | |
| അനുബന്ധം 6 (എസ്.ആർ.ഒ.നമ്പർ 111/2017) | - | |
| അനുബന്ധം 7 (2018-ലെ ആക്ട് ഭേദഗതി) | - | |
| അനുബന്ധം 8 (എസ്.ആർ.ഒ.നമ്പർ 956/2022) | - | |

## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി

**(2023-2026)**

**ഘടന**

**ചെയർമാൻ :**

ശ്രീ. എം. എം. മണി, എം.എൽ.എ.

**അംഗങ്ങൾ :**

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ പ്രശാന്ത്, എം.എൽ.എ.

ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. ഷാജി സി.ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത്കുമാർ വി.ഒ., അണ്ടർ സെക്രട്ടറി

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026)-യുടെ ചെയർമാനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

1951-ലെ 'ദി പേയ്മെന്റ് ഓഫ് സാലറീസ് ആൻഡ് അലവൻസസ് ആക്റ്റ് ' (1951-ലെ 14-ാം ആക്റ്റ്), 1976-ലെ 'ദി കേരള പേയ്മെന്റ് ഓഫ് പെൻഷൻ ടു മെമ്പേഴ്സ് ഓഫ് ലെജിസ്ലേച്ചർ ആക്റ്റ്' (1976-ലെ 46-ാം ആക്റ്റ്) എന്നിവയ്ക്ക് കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കൾ (എസ്.ആർ.ഒ.നം. 952/2022, 956/2022), 21.09.2023-ലെ യോഗത്തിൽ സമിതി സൂക്ഷ്മപരിശോധന നടത്തുകയും പാർലമെന്ററികാര്യം, നിയമം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

ഈ വിഷയത്തിൽ സമിതി നടത്തിയ ചർച്ചകളുടെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ, ചട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2024 ഫെബ്രുവരി 12-ാം തീയതി ചേർന്ന യോഗത്തിൽ കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. എം. മണി,<br>
ചെയർമാൻ,<br>
സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,<br>
2024 ഫെബ്രുവരി 14

## റിപ്പോർട്ട്

**[ 1951-ലെ 'ദി പേയ്മെന്റ് ഓഫ് സാലറീസ് ആൻഡ് അലവൻസസ് ആക്റ്റ്', 1976-ലെ 'ദി കേരള പേയ്മെന്റ് ഓഫ് പെൻഷൻ ടു മെമ്പേഴ്സ് ഓഫ് ലെജിസ്ലേച്ചർ ആക്റ്റ്' എന്നിവയ്ക്ക് കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കളുടെ പരിശോധന സംബന്ധിച്ച്. ]**

കേരള നിയമസഭയിലെ മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മറ്റ് എം.എൽ.എ-മാർ എന്നിവരുടെ ശമ്പളവും അലവൻസുകളും മറ്റാനുകൂല്യങ്ങളും നൽകുന്നതുമായി ബന്ധപ്പെട്ട് നിലവിൽ വന്നതാണ് 1951-ലെ 'ദി പേയ്മെന്റ് ഓഫ് സാലറീസ് ആൻഡ് അലവൻസസ് ആക്റ്റ് (1951-ലെ 14-ാം ആക്റ്റ്). പ്രസ്തുത ആക്റ്റിലെ 9A വകുപ്പ് ചുവടെ ചേർക്കുന്നു .

" 9A. *Free Transit Coupons for Members of the Legislative Assembly.*--(1) Subject to such rules as may be made in this behalf, every member of the Legislative Assembly, other than the Speaker, the Deputy Speaker, the Leader of Opposition, the Chief Whip and the Ministers shall, at the option of such member, be provided with all or any of the folllowing free transit coupons of aggregate value of two lakh rupees for a period of twelve calender months, namely:-

(I) rail travel coupons for travel by such member by rail ; and

(ii) fuel coupons for the purchase of fuel for the travel of such member in a private vehicle :

Provided that it shall be lawful for the Government to enhance, by order, from time to time, the aforesaid amount of free transit coupons considering the periodical increase in rail charges or hike in the price of petrol/diesel.

(2) Subject to such rules as may be made in this behalf every member shall be entitled to utilise such rail travel coupons for the travel by such member and his or her spouse and one companion by any class by any railway in India. "

2. ആക്റ്റിലെ 9A വകുപ്പ് പ്രകാരം നിയമസഭാംഗങ്ങൾക്കുള്ള സൗജന്യ യാത്രാ കൂപ്പണുകളുടെ തുക പന്ത്രണ്ട് കലണ്ടർ മാസത്തേക്ക് രണ്ട് ലക്ഷം രൂപയായി നിശ്ചയിച്ചിരുന്നു. എസ്.ആർ.ഒ. നമ്പർ 461/2013 (അനുബന്ധം 1) പ്രകാരം ടി തുക രണ്ട് ലക്ഷത്തി ഇരുപത്തയ്യായിരം രൂപയായും എസ്.ആർ.ഒ. നമ്പർ 91/2014 (അനുബന്ധം 2) പ്രകാരം രണ്ട് ലക്ഷത്തി എഴുപത്തയ്യായിരം രൂപയായും എസ്.ആർ.ഒ. നമ്പർ 60/2017 (അനുബന്ധം 3) പ്രകാരം മൂന്ന് ലക്ഷം രൂപയായും വർദ്ധിപ്പിച്ചിരുന്നു. പ്രസ്തുത തുക മൂന്ന്

ലക്ഷം രൂപയിൽ നിന്നും നാല് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് 01.10.2022-ലെ സ.ഉ.(പി.)നം.3/2022/പി.എ.ഡി. പ്രകാരം 06.10.2022-ലെ ഗസറ്റിൽ വിജ്ഞാപനം ചെയ്തതാണ് **എസ്.ആർ.ഒ. നമ്പർ 952/2022** (അനുബന്ധം 4).

3. മുൻ എം.എൽ.എ-മാർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതുമായി ബന്ധപ്പെട്ട് നിലവിൽ വന്നതാണ് 1976-ലെ 'ദി കേരള പേയ്മെന്റ് ഓഫ് പെൻഷൻ ടു മെമ്പേഴ്സ് ഓഫ് ലെജിസ്ലേച്ചർ ആക്ട് ' (1976-ലെ 46-ാം ആക്ട്). പ്രസ്തുത ആക്ടിലെ 2B വകുപ്പ് ചുവടെ ചേർക്കുന്നു .

" 2B. *Free Transit Coupons for ex-members of the Legislative Assembly.*--(1) Subject to such rules as may be made in this behalf, any person, who has served as a member referred to in clause (i) or clause (ii) or clause (iii) of the sub-section (1) of section 2 shall, at the option of such ex-member, be provided with all or any of the folllowing free transit coupons of an aggregate value of twenty four thousand rupees for a period of twelve calender months, namely:-

(I) rail travel coupons for travel by such ex-member by rail ; and

(ii) fuel coupons for the purchase of fuel for the travel of such ex-member in a private vehicle :

Provided that it shall be lawful for the Government to enhance, by order, from time to time, the aforesaid amount of free transit coupons proportionate to the periodical increase in rail charges made by the Central Government.

(2) Subject to such rules as may be made in this behalf every ex-member shall be entitled to utilise such rail travel coupons for the travel by such ex-member and his or her spouse and one companion in any class by any railway in India. "

4. ആക്ടിലെ 2B വകുപ്പ് പ്രകാരം മുൻ എം .എൽ.എ.-മാർക്ക് അനുവദിച്ചിരുന്ന സൗജന്യയാത്രാ കൂപ്പണുകളുടെ തുക പന്ത്രണ്ട് കലണ്ടർ മാസത്തേക്ക് ഇരുപത്തി നാലായിരം രൂപയായി നിശ്ചയിച്ചിരുന്നു. എസ്.ആർ.ഒ. നമ്പർ 92/2014 (അനുബന്ധം 5) പ്രകാരം ടി തുക അൻപതിനായിരം രൂപയായും എസ്.ആർ.ഒ. നമ്പർ 111/2017 (അനുബന്ധം 6) പ്രകാരം അറുപതിനായിരം രൂപയായും 2018-ലെ ആക്ടിലെ ഭേദഗതി (അനുബന്ധം 7) പ്രകാരം എഴുപത്തയ്യായിരം രൂപയായും വർദ്ധിപ്പിച്ചിരുന്നു. പ്രസ്തുത തുക എഴുപത്തയ്യായിരത്തിൽ നിന്നും ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചുകൊണ്ട് 01.10.2022-ലെ സ.ഉ.(പി.)നം.4/2022/പി.എ.ഡി. പ്രകാരം 06.10.2022-ലെ ഗസറ്റിൽ വിജ്ഞാപനം ചെയ്തതാണ് **എസ്.ആർ.ഒ. നമ്പർ 956/2022** (അനുബന്ധം 8).

5. മേൽ പരാമർശിച്ച ആക്റ്റുകളിന്മേൽ പുറപ്പെടുവിച്ച എസ് .ആർ.ഒ.കൾ സമിതി സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും ആക്റ്റിലും മുൻ ചട്ടങ്ങളിലും പരാമർശിക്കാത്ത പുതിയ വ്യവസ്ഥകൾ **എസ്.ആർ.ഒ. നമ്പർ 952/2022, 956/2022** എന്നിവയിൽ കടന്ന് കൂടിയത് സംബന്ധിച്ച് പാർലമെന്ററികാര്യം, നിയമം എന്നീ വകുപ്പ് ഉദ്യോഗസ്ഥരുമായി, 2023 സെപ്റ്റംബർ 21-ാം തീയതി ചർച്ച നടത്തുകയുമുണ്ടായി . അതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

**എസ്.ആർ.ഒ. നമ്പർ 952/2022.**

6. പ്രസ്തുത എസ്.ആർ.ഒ. പ്രകാരം മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവർ ഒഴികെയുള്ള നിയമസഭാംഗങ്ങൾക്ക് അനുവദിച്ചിരുന്ന സൗജന്യയാത്രാ കൂപ്പണുകളുടെ തുക മൂന്ന് ലക്ഷത്തിൽ നിന്നും നാല് ലക്ഷമാക്കി പന്ത്രണ്ട് മാസത്തേക്ക് സർക്കാർ വർദ്ധിപ്പിച്ചിരുന്നു. അതോടൊപ്പം TA/DA-യ്ക്ക് അർഹതയുള്ള യാത്രകൾക്ക് നിയമസഭാംഗങ്ങൾക്ക് സൗജന്യയാത്രാ കൂപ്പൺ ഉപയോഗിക്കുവാൻ അനുവാദമില്ലെന്ന നിബന്ധനകൂടി പ്രസ്തുത എസ് .ആർ.ഒ. വിജ്ഞാപനത്തിൽ കൂട്ടിച്ചേർത്തതായി സമിതി മനസ്സിലാക്കുന്നു. ആക്റ്റിലെ 9A വകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ, റെയിൽവെ യാത്രാചാർജ്ജ്, പെട്രോൾ/ഡീസൽ വില എന്നിവയിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന വർദ്ധനവിനനുസരിച്ച് നിയമസഭാംഗങ്ങൾക്കുള്ള സൗജന്യ യാത്രാകൂപ്പണുകളുടെ തുകയിൽ സംസ്ഥാന സർക്കാരിന് ഉത്തരവ് പ്രകാരം വർദ്ധനവ് വരുത്താവുന്നതാണെന്ന് മാത്രമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കൂടാതെ, നിയമസഭാംഗങ്ങളുടെ സൗജന്യയാത്രാ കൂപ്പൺ തുകയിൽ വർദ്ധനവ് വരുത്തിക്കൊണ്ടുള്ള മുൻ എസ്.ആർ.ഒ.-കളിൽ മേൽപ്പറഞ്ഞ നിബന്ധനയില്ലായിരുന്നുവെന്നും സമിതി നിരീക്ഷിക്കുന്നു . ആക്റ്റിലും മുൻ ചട്ടങ്ങളിലുമില്ലാത്ത മേൽ നിബന്ധന വിജ്ഞാപനത്തിൽ കൂട്ടിച്ചേർത്തത് ഏത് സാഹചര്യത്തിലാണെന്നും ആയതിന് നിയമസാധുത ഉണ്ടോയെന്നും സമിതി പരിശോധിച്ചിരുന്നു. 1972-ൽ പ്രസ്തുത ആക്റ്റിൽ വരുത്തിയ ഭേദഗതിയിലൂടെ "9A.Free transit by railway.-" എന്ന പുതിയ വകുപ്പ് കൂടി ഉൾപ്പെടുത്തുകയും ആയതിന്റെ 9A(3)-ൽ സാമാജികർ, സൗജന്യ റെയിൽവേ പാസ്സ് ഉപയോഗിച്ച് നടത്തുന്ന യാത്രകൾക്ക് മറ്റ് യാത്രാബത്തക്കോ ദിനബത്തക്കോ അർഹരായിരിക്കുന്നതല്ലായെന്ന നിബന്ധന കൂടി ഉൾപ്പെടുത്തിയിരുന്നു . എന്നാൽ 2003-ലെ ആക്റ്റ് ഭേദഗതിയിലൂടെ വകുപ്പ് 9A(3) ഒഴിവാക്കിയിരുന്നു. ഇത്തരത്തിൽ നിയമസഭാംഗങ്ങളുടെ സൗജന്യയാത്രാകൂപ്പണുകളുമായി ബന്ധപ്പെട്ട് സഭ തന്നെ ഒഴിവാക്കിയിരുന്ന ഒരു നിയന്ത്രണം ആക്റ്റ് ഭേദഗതിയിലൂടെ കൊണ്ടുവരുന്നതിനുപകരം ഒരു വിജ്ഞാപനമായി പുറപ്പെടുവിച്ചത് ആശാസ്യമല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. TA/DA-യ്ക്ക് അർഹതയുള്ള യാത്രകൾക്ക് നിയമസഭാംഗങ്ങൾക്ക് സൗജന്യയാത്രാ കൂപ്പൺ ഉപയോഗിക്കുവാൻ അനുവാദമില്ലെന്ന എസ്.ആർ.ഒ-യിലെ നിബന്ധന ആക്റ്റിൽ വ്യവസ്ഥ ചെയ്യാത്തതിനാൽ ആയതിന് നിയമസാധുതയില്ലെന്ന് സമിതി വിലയിരുത്തുന്നു.

7. മേൽ സാഹചര്യത്തിൽ, " Members of the Legislative Assembly are not allowed to utilise free transit coupons as regards journeys for which they are eligible to receive TA/DA." എന്നീ വാക്കുകൾ പ്രസ്തുത എസ്.ആർ.ഒ.-യിൽ നിന്നും നീക്കം ചെയ്തുകൊണ്ട് അടിയന്തരമായി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**എസ്.ആർ.ഒ. നമ്പർ 956/2022.**

8. പ്രസ്തുത എസ്.ആർ.ഒ. പ്രകാരം മുൻ എം .എൽ.എ.-മാർക്ക് അനുവദിച്ചിരുന്ന സൗജന്യയാത്രാ കൂപ്പണുകളുടെ തുക എഴുപത്തയ്യായിരത്തിൽ നിന്നും ഒരു ലക്ഷമാക്കി പന്ത്രണ്ട് മാസത്തേക്ക് സർക്കാർ വർദ്ധിപ്പിച്ചിരുന്നു. അതോടൊപ്പം TA/DA-യ്ക്ക് അർഹതയുള്ള യാത്രയിൽ ടി സൗജന്യയാത്രാ കൂപ്പൺ മുൻ എം .എൽ.എ.-മാർ ഉപയോഗിക്കുവാൻ പാടില്ലായെന്നും TA/DA ലഭിക്കാൻ അർഹതയുള്ള സ്ഥാനങ്ങൾ വഹിക്കുന്ന മുൻ എം .എൽ.എ.-മാർക്ക് സൗജന്യയാത്രാ കൂപ്പണുകൾ ലഭിക്കാൻ അർഹതയില്ലായെന്നുമുള്ള നിബന്ധനകൾ കൂടി പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനത്തിൽ കൂട്ടിച്ചേർത്തതായി കാണുന്നു. ആക്ടിലെ 2B വകുപ്പിന്റെ ക്ലിപ്ത നിബന്ധനയിൽ, റെയിൽവേ യാത്രാക്കൂലിയിൽ ഉണ്ടാകുന്ന വർദ്ധനവിനനുസരിച്ച് മുൻ എം .എൽ.എ-മാർക്കുള്ള സൗജന്യ യാത്രാ കൂപ്പണുകളുടെ തുകയിൽ സംസ്ഥാന സർക്കാരിന് ഉത്തരവ് പ്രകാരം വർദ്ധനവ് വരുത്താവുന്നതാണെന്ന് മാത്രമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കൂടാതെ, മുൻ എം.എൽ.എ.-മാരുടെ സൗജന്യയാത്രാ കൂപ്പൺ തുകയിൽ വർദ്ധനവ് വരുത്തിക്കൊണ്ടുള്ള മുൻ എസ്.ആർ.ഒ.-കളിൽ മേൽപ്പറഞ്ഞ നിബന്ധനകൾ ഇല്ലായിരുന്നുവെന്നും സമിതി നിരീക്ഷിക്കുന്നു. ആക്ടിലും മുൻചട്ടങ്ങളിലുമില്ലാത്ത മേൽ നിബന്ധനകൾ വിജ്ഞാപനത്തിൽ കൂട്ടിച്ചേർത്തത് ഏത് സാഹചര്യത്തിലാണെന്നും ആയതിന് നിയമസാധുത ഉണ്ടോയെന്നും സമിതി പരിശോധിച്ചിരുന്നു. TA/DA-യ്ക്ക് അർഹതയുള്ള യാത്രയിൽ ടി സൗജന്യയാത്രാ കൂപ്പൺ ഉപയോഗിക്കുവാൻ പാടില്ലായെന്നും TA/DA ലഭിക്കാൻ അർഹതയുള്ള സ്ഥാനങ്ങൾ വഹിക്കുന്ന മുൻ എം .എൽ.എ.-മാർക്ക് സൗജന്യയാത്രാ കൂപ്പണുകൾ ലഭിക്കാൻ അർഹതയില്ലായെന്നുമുള്ള എസ്.ആർ.ഒ-യിലെ നിബന്ധനകൾ ആക്ടിൽ വ്യവസ്ഥ ചെയ്യാത്തതിനാൽ ആയതിന് നിയമസാധുതയില്ലെന്ന് സമിതി വിലയിരുത്തുന്നു.

9. മേൽ സാഹചര്യത്തിൽ, "Ex-members of the Legislative Assembly are not allowed to utilise free transit coupons as regards journeys for which they are eligible to receive TA/DA. Also Ex-members of the Legislative Assembly holding positions where they are eligible to receive TA/DA shall not be entitled to avail free transit coupons." എന്നീ വാക്കുകൾ പ്രസ്തുത എസ്.ആർ.ഒ.-യിൽ നിന്നും നീക്കം ചെയ്തുകൊണ്ട് അടിയന്തരമായി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. ആക്റ്റിൽ വിനിർദേശിച്ച പ്രകാരം ചട്ടങ്ങളും വിജ്ഞാപനങ്ങളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുമ്പോൾ ആക്റ്റിൽ പ്രതിപാദിക്കാത്തതും ചട്ടങ്ങൾ ഉണ്ടാക്കാൻ അധികാരപ്പെടുത്താത്തതുമായ വ്യവസ്ഥകൾ സർക്കാർ വിജ്ഞാപനങ്ങളിൽ കടന്നുകൂടുന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി സമിതി കരുതുന്നു. ആക്റ്റിൽ വ്യവസ്ഥ ചെയ്യാത്ത കാര്യങ്ങൾ ചട്ടങ്ങളിൽ കൊണ്ടുവരുന്ന നടപടി ഭാവിയിൽ ആവർത്തിക്കരുതെന്നും നിയമസാധുതയില്ലാത്ത വിജ്ഞാപനങ്ങൾക്ക് സാധൂകരണം നൽകാതിരിക്കാൻ നിയമ വകുപ്പ് പ്രത്യേകം ശ്രദ്ധപുലർത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

11. എസ്.ആർ.ഒ.-കളുടെ സൂക്ഷ്മപരിശോധനയിലൂടെയും തെളിവെടുപ്പിലൂടെയും സമിതി എത്തിച്ചേർന്ന നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ള ശിപാർശകളിന്മേൽ സർക്കാർ എത്രയും വേഗം നടപടി സ്വീകരിക്കുമെന്ന് സമിതി പ്രതീക്ഷിക്കുന്നു.

എം. എം. മണി,
ചെയർമാൻ,
സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,
2024 ഫെബ്രുവരി 14

ന്മ്പർ 1

© Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. II / വാല്യം 2 | Thiruvananthapuram, Tuesday / തിരുവനന്തപുരം, ചൊവ്വ | 11th June 2013 / 2013 ജൂൺ 11 / 21st Jyaishta 1935 / 1935 ജ്യേഷ്ഠം 21 | No. / നമ്പർ 1633 |


GOVERNMENT OF KERALA

**Parliamentary Affairs (A) Department**

ORDER

G. O. (P) No. 7/2013/PAD. *Dated, Thiruvananthapuram, 10th June, 2013.*

**S. R. O. No. 461/2013.**—In exercise of the powers conferred by section 9A of the Payment of Salaries and Allowances Act, 1951 (XIV of 1951), the Government of Kerala hereby enhance the value of free transit coupons to the Members of Legislative Assembly (other than the Speaker, the Deputy Speaker, the Leader of Opposition, the Chief Whip and the Ministers) from the existing aggregate value of ₹ 2,00,000 (Rupees Two lakh only) to ₹ 2,25,000 (Rupees Two lakh twenty five thousand only) for period of 12 calendar months.

By order of the Governor,

P. K. MOHANTY,

*Additional Chief Secretary to Government.*

33/2673/2013/DTP.

**Explanatory Note**

(This does not form part of the notification, but is intended to indicate general purport )

As per the Section 9A of the Payment of Salaries and Allowances Act, 19 (XIV of 1951) it shall be lawful for the Government to enhance, by order, fr time to time, the aggregate value of free transit coupons considering periodical increase in rail charges or hike in, the price of petrol/diesel T Speaker, Kerala Legislative Assembly has requested Government to enhance amount of Free Transit Coupons from ₹ 2,00,000 (Rupees Two lakh only) ₹ 2,25,000 (Rupees Two lakh twenty five thousand only). Hence t Government of Kerala have decided to enhance the aggregate value.

This notification is intended to achieve the above object.

അനുബന്ധം 2

©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2012-14

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| Vol. III | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2014 ഫെബ്രുവരി 3<br>3rd February 2014<br>1189 മകരം 21<br>21st Makaram 1189<br>1935 മാഘം 14<br>14th Magha 1935 | നമ്പർ No. 403 |

GOVERNMENT OF KERALA

**Parliamentary Affairs (A) Department**

ORDER

G.O.(P) No. 02/2014/PAD. *Dated, Thiruvananthapuram, 3rd February, 2014.*

**S.R.O. No. 91/2014.**—In exercise of the powers conferred by section 9A of the Payment of Salaries and Allowances Act, 1951 (Act XIV of 1951), the Government of Kerala hereby enhance the value of free transit coupons to the Members of Legislative Assembly (other than the Speaker, the Deputy Speaker, the Leader of Opposition, the Chief Whip and the Ministers)

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2014.
B/631/2014/DTP

from the existing aggregate value of ₹ 2,25,000 (Rupees Two lakh twenty five thousand only) to ₹ 2,75,000 (Rupees Two lakh seventy five thousand only) for a period of 12 calendar months.

By order of the Governor,

P. K. MOHANTY,

*Additional Chief Secretary to Government.*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

As per the Section 9A of the Payment of Salaries and Allowances Act, 1951 (XIV of 1951) it shall be lawful for the Government to enhance, by order, from time to time, the aggregate value of free transit coupons considering the periodical increase in rail charges or hike in the price of petrol/diesel. Now, Government have decided to enhance the amount of Free Transit Coupons from ₹ 2,25,000 (Rupees Two lakh twenty five thousand only) to ₹ 2,75,000 (Rupees Two lakh seventy five thousand only).

This order is intended to achieve the above object.

സാക്ഷ്യപത്രം 3

© കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2017 ഫെബ്രുവരി 7<br>7th February 2017<br>1192 മകരം 25<br>25th Makaram 1192<br>1938 മാഘം 18<br>18th Magha 1938 | നമ്പർ<br>No. 221 |

## GOVERNMENT OF KERALA

**Parliamentary Affairs (A) Department**

## ORDER

G.O. (P) No. 02/2017/PAD.

*Dated, Thiruvananthapuram, 4th February, 2017.*

**S. R. O. No. 60/2017.**— In exercise of the powers conferred by Section 9A of the Payment of Salaries and Allowances Act, 1951 (Act XIV of 1951), the Government of Kerala hereby enhance the value of free transit coupons to the Members of Legislative Assembly (other than the Speaker, the Deputy Speaker, the Leader of Opposition,

the Chief Whip and the Ministers) from the existing aggregate value of ₹ 2,75,000 (Rupees Two Lakh Seventy Five Thousand only) to ₹ 3,00,000 (Rupees Three Lakh only) for a period of 12 calendar months.

By order of the Governor,

T. O. SOORAJ,
*Secretary to Government.*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

As per the Section 9A of the Payment of Salaries and Allowances Act, 1951 (XIV of 1951) it shall be lawful for the Government to enhance, by order, from time to time, the aggregate value of free transit coupons considering the periodical increase in rail charges or hike in the price of petrol/diesel. Now, Government have decided to enhance the amount of Free Transit Coupons from ₹ 2,75,000 (Rupees Two Lakh Seventy Five Thousand only) to ₹ 3,00,000 (Rupees Three Lakh only).

This order is intended to achieve the above object.

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2022 ഒക്ടോബർ 06<br>06th October 2022<br>1198 കന്നി 20<br>20th Kanni 1198<br>1944 ആശ്വിനം 14<br>14th Aswina 1944 | നമ്പർ<br>No. 3416 |


GOVERNMENT OF KERALA

**Parliamentary Affairs (A) Department**

ORDER

G.O. (P) No. 3/2022/PAD.
**S. R. O. No. 952/2022**

*Dated, Thiruvananthapuram, 1st October, 2022.*

In exercise of the powers conferred by section 9A of the Payment of Salaries and Allowances Act, 1951 (Act XIV of 1951), the Government of Kerala hereby enhance the value of free transit coupons to the Members of the Legislative Assembly other than the Speaker, the Deputy Speaker, the Leader of Opposition, the Chief Whip and the Ministers from the existing aggregate value of

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

₹ 3,00,000 (Rupees Three Lakhs only) to ₹ 4,00,000 (Rupees Four Lakhs only) for a period of twelve calendar months. Members of the Legislative Assembly are not allowed to utilise free transit coupons as regards journeys for which they are eligible to receive TA/DA.

By order of the Governor,

DR. RAJU NARAYANA SWAMY,
*Principal Secretary.*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

As per section 9A of the Payment of Salaries and Allowances Act, 1951 (XIV of 1951) it shall be lawful for the Government to enhance, by order, from time to time, the aggregate value of free transit coupons considering the periodical increase in rail charges or hike in the price of petrol/diesel. Now, the Government have decided to enhance the amount of Free Transit Coupons from ₹ 3,00,000 (Rupees Three Lakhs only) to ₹ 4,00,000 (Rupees Four Lakhs only) for a period of 12 calendar months. Members of the Legislative Assembly are not allowed to utilise free transit coupons as regards journeys for which they are eligible to receive TA/DA.

This Order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2022.10.06 05:13:20 +05:30

ഉത്തരവിന് 5

© കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2012-14

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 3 / Vol. III | തിരുവനന്തപുരം, തിങ്കൾ / Thiruvananthapuram, Monday | 2014 ഫെബ്രുവരി 3 / 3rd February 2014 / 1189 മകരം 21 / 21st Makaram 1189 / 1935 മാഘം 14 / 14th Magha 1935 | നമ്പർ / No. 404 |

## GOVERNMENT OF KERALA

### Parliamentary Affairs (A) Department

### ORDER

G.O. (P) No. 03/2014/PAD. *Dated, Thiruvananthapuram, 3rd February, 2014.*

S. R. O. No. 92/2014.—In exercise of the powers conferred by section 8 of the Kerala Payment of Pension to Members of Legislature Act, 1976 (6 of 1976), the Government of Kerala hereby enhance the value of free transit coupons to the Ex-Members of the Legislative Assembly from ₹ 24,000 (Rupees twenty four thousand only) to ₹ 50,000 (Rupees fifty thousand only) for a period of twelve calendar months.

By order of the Governor,

P. K. Mohanty,

*Additional Chief Secretary to Government.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES

## Explanatory Note

(This does not form part of the order, but is intended to indicate its general purport.)

As per the Section 2B of the Kerala Payment of Pension to Members of Legislature Act, 1976 (Act 46 of 1976), it shall be lawful for the Government to enhance by order, from time to time, the amount of free transit coupons considering the periodical increase in rail charges. Now, Government have decided to enhance the amount of Free Transit Coupons to the Ex-Members of Kerala Legislative Assembly from ₹ 24,000 (Rupees twenty four thousand only) to ₹ 50,000 (Rupees fifty thousand only).

This order is intended to achieve the above object.

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg No. KL/TV(N)/634/2015-17

© Government of Kerala 2017

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| തിരുവനന്തപുരം, വ്യാഴം<br>Thiruvananthapuram, Thursday | 2017 മാർച്ച് 9<br>9th March 2017<br>1192 കുംഭം 25<br>25th Kumbham 1192<br>1938 ഫാൽഗുനം 18<br>18th Phalguna 1938 | നമ്പർ<br>No. | 405 |

## GOVERNMENT OF KERALA

### Parliamentary Affairs (A) Department

## ORDER

G.O.(P) No. 3/2017/PAD.

*Dated, Thiruvananthapuram, 6th March, 2017.*

**S. R. O. No. 111/2017.**—In exercise of the powers conferred by section 2B of the Kerala Payment of Pension to Members of Legislature Act, 1976 (Act 46 of 1976), the Government of Kerala hereby enhance the value of free transit coupons to the Ex-members of the Legislative Assembly from ₹ 50,000 (Rupees Fifty Thousand only) to ₹ 60,000 (Rupees Sixty Thousand only) for a period of twelve calendar months.

By order of the Governor,

T. O. SOORAJ,
*Secretary to Government.*

# Explanatory Note

(This does not form part of the order, but is intended to indicate its general purport.)

As per the section 2B of the Kerala Payment of Pension to Members of Legislature Act, 1976 (Act 46 of 1976), it shall be lawful for the Government to enhance by order, from time to time, amount of free transit coupons considering the periodical increase in rail charges. Now, Government have decided to enchance the amount of Free Transit Coupons to the Ex-members of Kerala Legislative Assembly from ₹ 50,000 (Rupees Fifty Thousand only) to ₹ 60,000 (Rupees Sixty Thousand only).

This order is intended to achieve the above object.

അനുബന്ധം 7


Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

Government of Kerala
2018

# KERALA GAZETTE

EXTRAORDINARY

PUBLISHED BY AUTHORITY

Vol. VII | Thiruvananthapuram, Saturday | 31st March 2018 / 10th Meenam 1193 / 10th Chaithra 1940 | No. 842


## GOVERNMENT OF KERALA

### Law (Legislation-I) Department

### NOTIFICATION

No. 5931/Leg.I2/2018/Law.

*Dated, Thiruvananthapuram, 31st March, 2018 / 17th Meenam, 1193 / 10th Chaithra, 1940.*

The following Act of the Kerala State Legislature is hereby published for general information. The Bill as passed by the Legislative Assembly received the assent of the Governor on the 31st day of March, 2018.

By order of the Governor,

B. G. Harindranath,
*Law Secretary.*


PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2018.

S3/1223/2018/S-11.

## ACT 9 OF 2018

## THE KERALA PAYMENT OF PENSION TO MEMBERS OF LEGISLATURE (AMENDMENT) ACT, 2018

*An Act further to amend the Kerala Payment of Pension to Members of Legislature Act, 1976.*

*Preamble.*—WHEREAS, it is expedient further to amend the Kerala Payment of Pension to Members of Legislature Act, 1976 for the purposes hereinafter appearing;

BE it enacted in the Sixty-ninth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Payment of Pension to Members of Legislature (Amendment) Act, 2018.

(2) It shall come into force on the 1st day of April, 2018.

2. *Amendment of section 2B.*—In section 2B of the Kerala Payment of Pension to Members of Legislature Act, 1976 (46 of 1976) (hereinafter referred to as the principal Act), in sub-section (1), for the words "twenty four thousand rupees", the words "seventy five thousand rupees" shall be substituted.

3. *Amendment of the Schedule.*—In the principal Act, for the existing Schedule and provisos, the following Schedule and provisos shall be substituted, namely:—

"SCHEDULE

[See Section 2 (1)]

RATE OF PENSION

| *Period* | *Rate of Pension per mensem* (₹) |
|---|---|
| For any period below two years | 8,000 |
| For two years in the aggregate | 8,000 |
| For three years in the aggregate | 12,000 |
| For four years in the aggregate | 16,000 |
| For five years in the aggregate | 20,000 |

Provided that where any person has served as a member as stated in sub-section (1) of section 2 for a period exceeding five years, there shall be paid to him an additional pension of one thousand rupees per mensem for every year in excess of five years:

Provided further that in calculating the net qualifying period for pension, fraction of half year and above shall be rounded to the next completed year:

Provided also that the Ex-members may be paid an additional pension of rupees three thousand per mensem on completion of seventy years of age, rupees three thousand and five hundred per mensem on completion of eighty years of age:

Provided also that the maximum pension to which a member is eligible under this Act shall not, in the aggregate, exceed rupees fifty thousand per mensem.".

അനുബന്ധം 8

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2022 ഒക്ടോബർ 06<br>06th October 2022<br>1198 കന്നി 20<br>20th Kanni 1198<br>1944 ആശ്വിനം 14<br>14th Aswina 1944 | നമ്പർ<br>No. | 3426 |

GOVERNMENT OF KERALA

**Parliamentary Affairs (A) Department**

ORDER

G.O. (P) No. 4/2022/PAD. *Dated, Thiruvananthapuram, 1st October, 2022.*

**S. R. O. No. 956/2022**

In exercise of the powers conferred by section 2B of the Kerala Payment of Pension to Members of Legislature Act, 1976 (Act 46 of 1976), the Government of Kerala hereby enhance the value of free transit coupons to the Ex-members of the Legislative Assembly from ₹ 75,000 (Rupees Seventy Five Thousand only) to ₹ 1,00,000 (Rupees One Lakh only) for a period of twelve calendar months. Ex-members of the Legislative Assembly are not allowed to utilise free transit coupons as regards journeys for which they are eligible to receive TA/DA. Also Ex-members of the Legislative Assembly holding positions where they are eligible to receive TA/DA shall not be entitled to avail free transit coupons.

By order of the Governor,

DR. RAJU NARAYANA SWAMY,
*Principal Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

As per the section 2B of the Kerala Payment of Pension to Members of Legislature Act, 1976 (Act 46 of 1976) it shall be lawful for the Government to enhance, by order, from time to time, amount of free transit coupons considering the periodical increase in rail charges. Now, the Government have decided to enhance the amount of Free Transit Coupons to the Ex-Members of Kerala Legislative Assembly from ₹ 75,000 (Rupees Seventy Five Thousand only) to ₹ 1,00,000 (Rupees One Lakh only) for a period of 12 calendar months. Ex-members of the Legislative Assembly are not allowed to utilise free transit coupons as regards journeys for which they are eligible to receive TA/DA. Also Ex-members of the Legislative Assembly holding positions where they are eligible to receive TA/DA shall not be entitled to avail free transit coupons.

This order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2022.10.06 06:32:12 +05:30